I/171734/2024

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**(ഹാജർ: ശ്രീ. സീറാം സാംബസിവ റാവു)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് തസ്തികയിൽ 2023 വർഷത്തിലെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള (Inter District Transfer) പൊതുസ്ഥലംമാറ്റം ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച കൃഷി അസ്സിസ്റ്റന്റ്മാരുടെ ഓൺലൈൻ ഇന്റർ ഡിസ്ട്രിക്ട് അന്തിമ ലിസ്റ്റ് റദ്ദ് ചെയ്തു കൊണ്ടും പുതുക്കിയ അന്തിമ സ്ഥലം മാറ്റ ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

പരാമർശം :-

1) സർക്കാർ ഉത്തരവ് (പി) നമ്പർ 3/2017/P&ARD തീയതി 25.02.2017.

2) സർക്കാർ ഉത്തരവ് (Rt) നമ്പർ 147/2022/AGRI തീയതി 21.02.2022.

3) സർക്കാർ ഉത്തരവ് (Ms) നമ്പർ 42/21/AGRI തീയതി 26.02.2021.

4) സർക്കാർ ഉത്തരവ് (Rt) നമ്പർ 257/2022/P&ARD തീയതിഃ 27.03.2022.

5) ഈ കാര്യാലയത്തിലെ 19.09.2023 സമ നമ്പർ സർക്കുലർ.

6) ഈ കാര്യാലയത്തിലെ 04.10.2023 സമ നമ്പർ സർക്കുലർ.

7) ഈ കാര്യാലയത്തിലെ 18.11.2023 സമ നമ്പർ ഉത്തരവ്.

8) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 08.01.2024 ലെ ഇതേ നമ്പർ ഉത്തരവ്.

9) സ്പാർക്ക് ഓഫീസിൽ നിന്നും ലഭിച്ച 16.01.2024 ലെ ഇ-മെയിൽ.

**<u>ഉത്തരവ് നമ്പർ ADFW/8912/2023 SE3 തീയതി . 25-01-2024</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ കൃഷി അസിസ്റ്റന്റ് /അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ 2023 പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരാമർശം (1), (2) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ക്ഷണിച്ചിരുന്നു. അസിസ്റ്റന്റ് കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ്മാരുടെ സ്റ്റേഷൻ സീനിയോറിറ്റിക്ക് പകരം ജില്ലാ സീനിയോറിറ്റി കണക്കാക്കി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ കൃഷി അസിസ്റ്റന്റ്/ അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള അന്തർ ജില്ലാ സ്ഥലംമാറ്റത്തിന്റെ (Inter District Transfer) അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുകയും പ്രസ്തുത അപേക്ഷകൾ നിശ്ചിതസമയപരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ അനുകമ്പാർഹ കാരണങ്ങളാൽ സ്ഥലമാറ്റം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവരുടെ അപേക്ഷകൾ മെഡിക്കൽ ബോർഡിന് നൽകുകയും ആയതിൽ ശുപാർശ രേഖപ്പെടുത്തി

നൽകിയ അപേക്ഷകൾ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. അന്തർ ജില്ലാ സ്ഥലംമാറ്റം ഡയറക്ടർ തലത്തിലും, ജില്ലാതലസ്ഥലംമാറ്റം പ്രിൻസിപ്പൽ കൃഷി ഓഫീസർ തലത്തിലും നടപ്പിലാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശയോട് കൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ അപേക്ഷകളും, അനുകമ്പാർഹ പരിഗണനയ്ക്ക് അർഹമാണെന്ന് മെഡിക്കൽ ബോർഡ് തീരുമാനിച്ച S P A R K മുഖേന നൽകിയ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായ അപേക്ഷകളും പ്രോസസ്സ് ചെയ്ത് ലഭിച്ച കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ 2023 വർഷത്തെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന്റെ (Inter District Transfer) അന്തിമ ഉത്തരവ് പരാമർശം (8) പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ രണ്ടാം ഘട്ടമായ Intra District Transfer പ്രോസസ്സ് ചെയ്തപ്പോൾ കൃഷി അസിസ്റ്റന്റ്(Agricultural Assistant) മാരായ Inter District Transfer ൽ ഉൾപ്പെട്ട കുറച്ചുപേർക്ക് Online Intra District Transfer ന് അപേക്ഷ നൽകുവാൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത പരാതി SPARK, NIC എന്നിവരെ അറിയിച്ചിരുന്നു. ആയതിന് പരാമർശം (9) പ്രകാരം ചീഫ് മാനേജർ, സ്പാർക്ക് ഇ-മെയിൽ മുഖാന്തിരം ചുവടെ പറയുന്ന കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്." On verifying the data it is observed that 42 employees submit their application for the year 2023 though they got allotted last year in inter district transfer list .From the 42 employees ,17 employees got transferred to their option in 2023 inter district transfer eventhough their residency period is less than one year .This happened due to some logical issue in the software .so as to rectify the issue the department to do the following steps

1.Nullify the intra district transfer applications.

2.Nullify the final report for inter district transfer

3.Cancel the inter district transfer process

4.Then reprocess the inter district transfer 2023

5.After the final report of inter district transfer invite fresh applications for intra district transfer.

പ്രസ്തുതകാര്യങ്ങൾ സ്പാർക്ക് അധികൃതരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് (Agricultural Assistant) തസ്തികയിലെ Inter District Transfer അന്തിമ ലിസ്റ്റ് റദ്ദ് ചെയ്യുന്നതിനും ടി തസ്തികയിലെ Intra District Transfer ൽ അപേക്ഷകൾ പുതിയതായി ക്ഷണിക്കുന്നതിനുവേണ്ടി Notification ഇറക്കുന്നതിനും തീരുമാനിച്ചു. SPARK ൽ രേഖപ്പെടുത്തിയ സർവ്വീസ് വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം NIC സോഫ്റ്റ്‌വെയറിലൂടെ വകുപ്പ് നടപ്പിലാക്കിവരുന്നത്.

മേൽ സാഹചര്യത്തിൽ പരാമർശം (8) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച കൃഷി ഇന്റർ ഡിസ്ട്രിക്ട് അന്തിമ ലിസ്റ്റ് ഇതിനാൽ റദ്ദ് ചെയ്ത്കൊണ്ടും സ്പാർക്കിൽ നിന്ന് reprocess നടത്തിയ ഓൺലൈൻ Inter

'171734/2024

District Transfer ന്റെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചിരുന്ന സർക്കുലറിൽ കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിൽ പൊതുസ്ഥലംമാറ്റം 2 ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ ഡയറക്ടർ അന്തർ ജില്ലാ സ്ഥലംമാറ്റവും രണ്ടാം ഘട്ടത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ജില്ലാതല സ്ഥലമാറ്റങ്ങളും നടപ്പിലാക്കും. മേൽ സാഹചര്യത്തിൽ ഈ ഉത്തരവിനോടൊപ്പം പ്രസിദ്ധീകരിക്കുന്ന (Inter District Transfer) വിവിധ ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർ ജില്ലയ്ക്കുള്ളിലെ (Intra District Transfer) അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരേണ്ടതാണ്. ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന പ്രസ്തുത ജീവനക്കാർക്ക് ഇപ്പോൾ ജോലി നോക്കുന്ന ഓഫീസിൽ നിന്ന് സ്ഥലംമാറ്റം ലഭിച്ച ജില്ലയിലെ വിവിധ സ്റ്റേഷനുകളിലേക്ക് / ഓഫീസുകളിലേക്ക് ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസരം സ്പാർക്കിൽ ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങളടങ്ങിയ നോട്ടിഫിക്കേഷൻ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

sd/-
SEERAM SAMBASIVA RAO IAS
DIRECTOR

സ്വീകർത്താവ്

1) ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരി മുഖേന)

2) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

3) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT CELL) ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

Junior Superintendent
SE Section
Directorate of Agriculture
Thiruvananthapuram-33